**പതിനാലാം കേരളനിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2690** 18/08/2017 -ൽ മറുപടിയ്ക്ക്

**ഒന്നാം ക്ലാസ്സ് അഡ്മിഷൻ**

ചോദ്യം | ഉത്തരം

ശ്രീ.സി. ദിവാകരൻ :

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) ഈ അദ്ധ്യയന വർഷം സർക്കാർ / എയ്ഡഡ് സ്കൂളുകളിൽ എത്ര കുട്ടികൾക്ക് ഒന്നാം ക്ലാസ്സിൽ അഡ്മിഷൻ നൽകിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(എ)

| ജില്ല | സർക്കാർ | എയ്ഡഡ് |
|---|---|---|
| തിരുവനന്തപുരം | 11570 | 6467 |
| കൊല്ലം | 8440 | 6066 |
| പത്തനംതിട്ട | 2875 | 2454 |
| ആലപ്പുഴ | 5646 | 5662 |
| കോട്ടയം | 2958 | 7545 |
| ഇടുക്കി | 2540 | 4794 |
| എറണാകുളം | 5093 | 10876 |
| തൃശ്ശൂർ | 4595 | 18149 |
| പാലക്കാട് | 7866 | 16740 |
| മലപ്പുറം | 21228 | 34278 |
| കോഴിക്കോട് | 7715 | 21530 |
| വയനാട് | 4391 | 4309 |
| കണ്ണൂർ | 4702 | 19378 |
| കാസറഗോഡ് | 7294 | 6570 |
| **ആകെ** | **96913** | **164818** |

(ബി) കുട്ടികളുടെ എണ്ണത്തിൽ കഴിഞ്ഞ വർഷത്തെക്കാൾ എത്ര വർദ്ധനവാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ/എയ്ഡഡ് സ്കൂളുകളിലായി സംസ്ഥാനമൊട്ടാകെ ഒന്നാം ക്ലാസ്സിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 12,198 കുട്ടികളുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

(സി) വർദ്ധനവ് മൂലം ഉണ്ടാകുന്ന അധിക തസ്തികകളിലേക്ക് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ സംരക്ഷിത അദ്ധ്യാപകരിൽ നിന്ന് എത്ര പേരെ നിയമി

(സി) സർക്കാർ സ്കൂളുകളിൽ ഉണ്ടാകുന്ന അധിക തസ്തികകളിൽ പി എസ് സി വഴിയാണ് നിയമനം നടത്തുന്നത്. ഒഴിവുകൾ പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യാൻ വിദ്യാഭ്യാസ ഉപഡയറക്ടർ

ച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിൽ ഉണ്ടാകുന്ന അധിക തസ്തികകളിൽ 1:1 അനുപാതത്തിൽ സംരക്ഷിത ജീവനക്കാരെ നിയമിക്കണമെന്നാണ് കെ ഇ ആർ അധ്യായം XXI, ചട്ടം 7(2) ൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. സംസ്ഥാനത്തെ വളരെ കുറച്ച് മാനേജർമാർ മാത്രമേ ഈ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ സംരക്ഷിതാധ്യാപകരെ നിയമിക്കാൻ തയ്യാറായിട്ടുള്ളൂ. ഈ ചട്ടം ഉൾപ്പെടെയുള്ള കെ ഇ ആർ ഭേദഗതിയെ (03.12.2016 ലെ ജി ഒ (പി) നമ്പർ 199/2016/പൊവിവ) ചോദ്യം ചെയ്തുകൊണ്ടുള്ള നാല്പതോളം റിട്ട് പെറ്റീഷനുകൾ ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി പരിശോധിച്ചുകൊണ്ടിരിക്കുന്ന വിഷയമായതിനാൽ എയ്ഡഡ് സ്കൂളിലെ അധിക തസ്തികകളിലേക്ക് ഡിപ്പാർട്ട്മെന്റ് സ്വമേധയാ സംരക്ഷിതാധ്യാപകരെ പുനർവിന്യസിച്ചിട്ടില്ല. ഡിപ്പാർട്ട്മെന്റ് സ്വമേധയാ സർക്കാർ സ്കൂളിലോ എയ്ഡഡ് സ്കൂളിലോ സംരക്ഷിതാധ്യാപകരെ നിയമിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ